(ബി) ഓരോ തസ്തികയിലും എത്ര വീതമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വർഷം പൊതുസ്ഥലംമാറ്റം നടത്തരുതെന്ന് ഗവൺമെന്റ് പൊതുമരാമത്തു വകുപ്പിനെ അറിയിച്ചിരുന്നോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

(എ) ബി ആൻറ് ആർ വിഭാഗത്തിൽ 158-ഉം ജലസേചന വിഭാഗത്തിൽ 200 ഉം ഉൾപ്പടെ ആകെ 358 ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) തസ്തിക തിരിച്ചുള്ള വിവരം മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(സി) ഇല്ല

ഒന്നാം ക്ലാസിലെ പ്രമോഷൻ

* 412 [472] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

ഒന്നാം ക്ലാസിൽനിന്നും എല്ലാവരെയും ജയിപ്പിക്കുകയെന്ന ഇന്നത്തെ സമ്പ്രദായം നിർത്തൽ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

ഇല്ല.

വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യ പദ്ധതി

* 413 [473] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:

,, കെ. കെ. ബാലകൃഷ്ണൻ:

,, എ. സി. ഷൺമുഖദാസ്:

,, എ. കെ. ശശീന്ദ്രൻ:

,, വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യപദ്ധതി അനുസരിച്ച് 1984-85-ലെ ലക്ഷ്യം എത്ര ആയിരുന്നു;

(ബി) നിക്ഷേപമായി എന്തുതുക പിരിഞ്ഞുകിട്ടി;

(സി) ഇതുവരെയായി എത്ര വിദ്യാർത്ഥികൾ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) വിദ്യാർത്ഥികൾക്കുള്ള സമ്പാദ്യപദ്ധതിയുടെ 1984-85-ലെ ലക്ഷ്യം 8 കോടിരൂപയായിരുന്നു.

(ബി) നിക്ഷേപമായി 5,109.488 രൂപാ പിരിഞ്ഞുകിട്ടി.

(സി) ഒന്നേമുക്കാൽ ലക്ഷത്തോളം വിദ്യാർത്ഥികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly